## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1972 08.12.2014-ൽ മറുപടിയ്ക്ക്

## മന്ത്രിതല സംഘങ്ങളുടെ കേന്ദ്ര സന്ദർശനം

| | ചോദ്യം<br>ശ്രീ. ജി. സുധാകരൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തവണ മന്ത്രിതല സംഘങ്ങൾ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉന്നയിച്ച് കേന്ദ്ര സർക്കാരിനെ സമീപിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) | ഏഴ് തവണ |
| (ബി) | ഇതിൽ സംസ്ഥാനം നേരിടുന്ന ഏതെല്ലാം വിഷയങ്ങളാണ് കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചത് ; | (ബി) | സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള നിവേദനങ്ങളാണ് പല തവണയായി കേന്ദ്രസർക്കാരിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുള്ളത്.<br><br>അവസാനമായി 2014 ഒക്ടോബർ 16-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം പ്രധാനമന്ത്രിയെ സന്ദർശിച്ച് ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ നിവേദനമായി സമർപ്പിച്ചു-<br><br>1. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ നോട്ടിഫിക്കേഷൻ പുറത്തിറക്കുക.<br>2. കോസ്റ്റൽ റഗുലേഷൻ സോൺ സംബന്ധമായ ചട്ടങ്ങളിൽ ഇളവുവരുത്തുക.<br>3. കേരളത്തിലെ റബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്ര നയങ്ങളിൽ മാറ്റം ആവശ്യപ്പെട്ടു.<br>4. ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുക.<br>5. മരുന്നുകളുടെ വില നിയന്ത്രിക്കുക.<br>6. പാലക്കാട്ട് റയിൽകോച്ച് ഫാക്ടറി സ്ഥാപിക്കുക.<br>7. വിഴിഞ്ഞം പദ്ധതിക്കായി VGF (Viability Gap Funding) അനുവദിക്കുക.<br>8. RCC-യെ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുക.<br>9. നിലമ്പൂർ-നഞ്ചൻഗോഡ് റയിൽപ്പാത നിർമ്മാണം.<br>10. ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതിയിലെ ഗുണഭോക്താക്കൾക്കായി ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുക. |

| | | | |
|---|---|---|---|
| | | | 11. FACT-ന്റെ പുനരുദ്ധാരണ പാക്കേജ്.<br>12. മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള മൂലധന നിക്ഷേപം 40%-ൽ നിന്നും 75% ആക്കി ഉയർത്തുക.<br>13. കേരളത്തിൽ സബർബൻ റയിൽ സർവ്വീസ് ആരംഭിക്കുക.<br>14. കേന്ദ്ര ഗവൺമെന്റിന്റെ 100-Smart City പദ്ധതിയിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവയെ ഉൾപ്പെടുത്തുക.<br>15. സൊമാലിയൻ കടൽക്കൊള്ളക്കാരുടെ പിടിയിലുള്ള നാവികരുടെ മോചനം.<br>16. കേരളത്തിൽ നൈപുണ്യവികസനപ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ ധനസഹായം അനുവദിക്കുക<br>17. Kerala University of Fisheries and Ocean Studies-ന് ഒറ്റത്തവണ സാമ്പത്തിക സഹായമായി 100 കോടി രൂപ അനുവദിക്കുക<br>18. ജവഹർലാൽ നെഹ്രു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുക |
| (സി) | ഇതിൽ ഏതെല്ലാം കാര്യങ്ങൾ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ചു നൽകി ; | (സി) | സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) | മന്ത്രിതല സംഘങ്ങളുടെ സന്ദർശനത്തിനായി ഓരോ തവണയും എന്തു തുക ചെലവായി; വിശദമാക്കാമോ ? | (ഡി) | വിവിധ തീയതികളിലെ ഡൽഹി സന്ദർശനത്തിനായി നാളിതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു.<br>2011 സെപ്റ്റംബർ 22, 23 - 1,40,235/-<br>2011 നവംബർ 21, 22 - 3,46,186/-<br>2012 മാർച്ച് 26, 27 - 58,100/-<br>2012 ജൂലൈ 1, 3 - 1,35,075/-<br>2013 മാർച്ച് 4, 5 - 1,63,491/-<br>03.07.2014, 04.07.2014, 16.10.2014 എന്നീ തീയതികളിലെ മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് യാത്രാബത്തയിനത്തിൽ ഖജനാവിൽ നിന്നും 26,014/- രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ